## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2050          06.02.2019- ൽ മറുപടിയ്ക്ക്

### തടവുകാരുടെ ശിക്ഷാ ഇളവ്

| ചോദ്യം<br>ശ്രീ.എ.പി. അനിൽകുമാർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളപ്പിറവിയുടെ വജ്രജൂബിലി പ്രമാണിച്ചും മഹാത്മാ ഗാന്ധിയുടെ 150-ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായും ശിക്ഷാ ഇളവ് നൽകി തടവുകാരെ മോചിപ്പിക്കുവാൻ സർക്കാർ തീരുമാനം എടുത്തിരുന്നുവോ എന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | കേരളപ്പിറവിയുടെ വജ്രജൂബിലി പ്രമാണിച്ച് 739 തടവുകാർക്കും മഹാത്മാ ഗാന്ധിയുടെ 150-ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി 36 തടവുകാർക്കും ശിക്ഷാ ഇളവ് നൽകി മോചിപ്പിക്കുവാൻ ബഹു.ഗവർണറോട് ശിപാർശ ചെയ്തിരുന്നു. |
| (ബി) | എങ്കിൽ എത്ര തടവുകാരെ മോചിപ്പിക്കുവാനാണ് സർക്കാർ ശിപാർശ ചെയ്തിരുന്നതെന്ന് അറിയിക്കുമോ ; | | |
| (സി) | പ്രസ്തുത ശിപാർശ ഗവർണർ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | (സി) | അംഗീകരിച്ചിട്ടില്ല. ഓരോ തടവുകാരനേയും സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ, ശിക്ഷാ ഇളവ് സംബന്ധിച്ച കേസ് ഫയലുകൾ എന്നിവ ലഭ്യമാക്കണമെന്നും തടവുകാർക്ക് ശിക്ഷാ ഇളവ് നൽകുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ടുമാണ് ബഹു. ഗവർണർ പ്രസ്തുത ശിപാർശ തിരികെ നൽകിയത്. |

സെക്ഷൻ ഓഫീസർ